കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആളൂർ ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(പി.4)1324/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.

ഫോൺ നമ്പർ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി: 02.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം - ആളൂർ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 ലെ 3-6,3-7,3-11 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.4)1324/2017 തീയ്യതി : 02.11.2017

## തൃശ്ശൂർ ജില്ലയിലെ ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 2.11.2016 മുതൽ 31.7.17 വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 31.3.17 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1.8.2017 മുതൽ<br>9.8.2017 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീമതി.ഷീന.കെ.ടി | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി .സുമിത.ടി.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ധന്യ.എ.സുരേന്ദ്രൻ | ഓഡിറ്റർ |

### നിർവ്വഹണ അധികാരികൾ

| പ്രസിഡന്റ് | കാലയളവ് |
|---|---|
| ശ്രീമതി സന്ധ്യ നൈസൻ | 1.4.2016 മുതൽ31.3.2017 വരെ |

| സെക്രട്ടറി | കാലയളവ് |
|---|---|
| വേണുഗോപാൽ | 1.4.16 മുതൽ 30.6.16 വരെ |

| | |
|---|---|
| മജീദ് സിഎം | 1.7.16 മുതൽ 21.2.17 വരെ |
| സബിത ജി | 22.2.17 മുതൽ 31.3.17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസി.സെക്രട്ടറി | വേണഗോപാൽ | 01.04.16 മുതൽ 23.8.16 F.N വരെ |
| | സബിത.ജി | 23.8.16 A.Nമുതൽ 31.3.17 വരെ |
| അസി.എൻജിനീയർ | ഫ്രാൻസീസ് വർഗ്ഗീസ്.സി. | 01.04.16 മുതൽ 6.11.16 വരെ |
| | യു.വി ഷാജി | 7.11.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ., കുഴിക്കാട്ടുശ്ശേരി | ലേഖ.വി.വി. | 01.04.16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ., ആളൂർ | ഗീത.എൻ.ആർ | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മനീഷ | 01.04.16 മുതൽ 22.6..16 വരെ |
| | ഡോ.റീന മാത്യൂ | 23.6.16 മുതൽ 31.3.17 വരെ |
| കൃഷി ഓഫീസർ | മുഹമ്മദ് ഹാരീസ് | 01.04.16 മുതൽ 31.03.17 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. ലിസ്സി വർഗ്ഗീസ് | 01.04.16 മുതൽ 4.9.16 വരെ |
| | ഡോ.ജോസ് .സി ഐ | 5.9.16 മുതൽ 31.3.17 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സതി.ആർ | 01.04.16 മുതൽ 31.5.16 വരെ |
| | ഷാലിമ.ടി | 1.6.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.സ്മിത.കെ.കെ | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സിസി എ.എൻ | 01.04.16 മുതൽ 11.8.16 വരെ |
| | ഡോ.ബിജു.കെ.ആർ | 12.8.16 മുതൽ 31.3.17 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | വിധു വി.എസ് | 01.4.16 മുതൽ 8.12.16 വരെ |

| | | |
|---|---|---|
| | മുരളി എ.കെ | 9.12.16 മുതൽ 31.3.17 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തനത് വരുമാനം. | 1.7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.10 |
| | ഭാഗം 2 | |
| 11 | മൊബൈൽ ടവർ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്. | 2.1 |
| 12 | ബൈലോ ഇല്ല | 2.2 |
| 13 | വാടക ഈടാക്കിയില്ല. | 2.3 |
| 14 | കുടുംബശ്രീഹാൾ വാടകക്കു കൊടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 2.4 |
| 15 | ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിയ്ക്കുന്നു | 2.5 |
| 16 | ലൈവ്സ്റ്റോക്ക് ചട്ടപ്രകാരം ലൈസൻസ് എടുക്കാതെ കോഴിഫാം പ്രവർത്തിക്കുന്നു. | 2.6 |
| 17 | ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു. | 2.7 |
| 18 | റിസർവ് ബാങ്കിലേക്ക് മുതൽക്കൂട്ടിയ അക്കൌണ്ട് ബാലൻസ് തിരികെ ലഭ്യമാക്കേണ്ടതാണ്. | 2.8 |
| | ഭാഗം 3 | |
| 19 | ഇല്ലാത്ത ബൾബുകൾക്ക് പഞ്ചായത്ത് കറന്റ് ചാർജ് അടവാക്കുന്നു | 3.1 |
| 20 | വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം പുനർനിർണയിക്കേണ്ടതാണ് | 3.2 |
| 21 | ഉപയോഗിക്കാത്ത വാഹനങ്ങളുടെ നികുതി അടവാക്കി. | 3.3 |

| | | |
|---|---|---|
| 22 | പകൽ വീട് അടിസ്ഥാന സൗകര്യ പദ്ധതികൾ -പകൽവീട് പ്രവർത്തന സജ്ജമായിട്ടില്ല. | 3.4 |
| 23 | ജെൻഡർ കോർണർ &ഹെൽപ് ഡെസ്ക് -പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധം | 3.5 |
| 24 | മൈലേജ് ടെസ്റ്റ് നടത്തുന്നില്ല. | 3.6 |
| 25 | ഉറുമ്പൻ കുന്ന് സബ്സെന്റർ പ്രവർത്തിക്കുന്നില്ല. | 3.7 |
| 26 | വിനിയോഗ സാക്ഷ്യപത്രം ഇല്ല. തുക തടസ്സപ്പെടുത്തുന്നു. | 3.8 |
| 27 | കണ്ണിക്കര ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടങ്ങളും അനുബന്ധ ഉപകരണങ്ങളും ഉപയോഗിക്കുന്നില്ല. | 3.9 |
| 28 | ആദായ നികുതി ഈടാക്കിയിട്ടില്ല. | 3.10 |
| 29 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. | 3.11 |
| 30 | ആശ്രയ പദ്ധതി സമയ ബന്ധിതമായി നടപ്പിലാക്കേണ്ടതാണ്. | 3.12 |
| 31 | പാലിയേറ്റീവ് കെയർ- മരുന്നുകളും, മെഡിക്കൽ ഉപരണങ്ങളും കേരളാ സ്റ്റേറ്റ് മെഡിക്കൽ സർവീസ് കോർപറേഷനിൽ നിന്നും സമയത്തിന് ലഭ്യമാകുന്നില്ല | 3.13 |
| 32 | ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3.14 |
| 33 | ഇലക്ട്രിഫിക്കേഷൻ എഞ്ചിനീയർക്ക് അധികനിരക്കിൽ സൂപ്പർവിഷൻ ചാർജ് നൽകി | 3.15 |
| 34 | നമ്പിക്കുന്ന് ഹാൾ അടിസ്ഥാന സൗകര്യ വികസനം-ഹാൾ ഉപയോഗപ്പെടുത്തുന്നില്ല. | 3.16 |
| 35 | പഞ്ചായത്തിന്റെ ആസ്തികൾ അറ്റകുറ്റപ്പണി നടത്താതെ നശിക്കുന്നു. | 3.17 |
| 36 | ആയുർവേദ ആശുപത്രിയിലേക്ക് വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ല. | 3.18 |
| 37 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3.19 |
| 38 | ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. | 3.20 |
| | ഭാഗം 4 | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 40 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 42 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |

| | | |
|---|---|---|
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 44 | ഓഡിറ്റ് റിക്കവറി | 4.6 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.8 |
| 47 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ 21.3.17ബജറ്റ്/ പുതുക്കിയ ബജറ്റ് തിയതിയിലെ 255ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 176030046 രൂപയും ചെലവ് 163167763 രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 22.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

അപാകതകൾ

*1.*നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടില്ല.

*2.*സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയതും(370174/-രൂ) വാർഷിക കണക്കും (370149/-രൂ)തമ്മിൽ പൊരുത്തപ്പെടുന്നില്ല.

*3.*സഞ്ചയ മാപ്പിങ്ങ് പൂർത്തീകരിക്കാത്തതിനാൽ സാംഖ്യ, സംഞ്ചയ എന്നിവയിലെ കളക്ഷൻ പൊരുത്തപ്പെടുന്നില്ല.
*4.*എസ്ബിടി എൻ എംബിഎസ് അക്കൗണ്ടിൽ 31.3.2017 ന് ബാലൻസ് 0 ആണ്. എന്നാൽ വാർഷിക കണക്കിൽ 72052/- രൂ ആണ്.
*5.* അഡ്വാൻസ് നൽകിയതിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തവ ആസ്തിയായി എടുത്തിട്ടുണ്ട്.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13242112 |
| വരവ് | 70965472 |
| ആകെ | 84207584 |

| | |
|---|---|
| ചെലവ് | 64258363 |
| നീക്കിയിരിപ്പ് | 19949221 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 16732173 | 12021404 | 4710769 | 71.85 |
| വികസനഫണ്ട് എസ്.സി.പി. | 9273660 | 6894030 | 2379630 | 74.34 |
| വികസനഫണ്ട് ടി.സ്.പി. | 52665 | 52665 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4560015 | 1826823 | 2733192 | 32.88 |
| സംരക്ഷണഗ്രാന്റ് റോഡ് | 12094335 | 3976357 | 8117978 | 32.88 |
| 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9383498 | 4328139 | 5055359 | 46.12 |
| പെർഫോർമൻസ് ഗ്രാന്റ് | 2533344 | 0 | 2533344 | 0 |
| ബി ഫണ്ട് | 58907390 | 58907390 | 0 | 100 |

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 234 | 74576225 | 78 | 32978953 | 73 | 83 | 33 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7544341 | 12051080 | 4506739 | 59.73 |
| നികുതിയേതര | 1699601 | 1997938 | 298337 | 17.55 |

| | | | | |
|---|---|---|---|---|
| വരവുകൾ | | | | |
| മറ്റുവരവുകൾ | 43234266 | 56916454 | 13682188 | 31.64 |
| ആകെ | 52478208 | 70965472 | 18487264 | 35.22 |

## 1-8-ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകൾ പൂർണ്ണമായും കൃത്യമായും എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-9 -ക്യാഷ് വെരിഫിക്കേഷൻ

7.8.2017 തീയതിയിൽ 3.30 pm ന് നടത്തിയ ക്യാഷ് വെരിഫിക്കേഷനിൽ 20917/-രൂപ വരവ് ഉണ്ടായിരുന്നതിന്റെ കൃത്യത ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾനടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.7.17 | 6/17 | 6.7.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.7.16-20.7.16 | 2011-12-2015-16 | 19.8.2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവർ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

ആളൂർ പഞ്ചായത്തിൽ 13 മൊബൈൽ ടവറുകൾ ഉണ്ട്. അവയുടെ വസ്തു നികുതി കുടിശ്ശിക വിശദാംശം താഴെ ചേർക്കുന്നു.

| ടവറിന്റെ പേര് | കുടിശ്ശിക തുക | റിമാർക്സ് |
|---|---|---|
| ഭാരതി ഇൻഫ്രാടെൽ നം.1/324 | 62505 | 2013-14 മുതൽ |
| ഐഡിയ 3/218 | 14175 | 2017-18 |
| റിലയൻസ് 3/357 | 53849 | 2013-14 മുതൽ |

| | | |
|---|---|---|
| ഐഡിയ 5/147 | 28236 | 2011-12 മുതൽ 2012-13 വരെ -10206 രൂപ 2013-14 മുതൽ 18030 രൂപ |
| വോഡഫോൺ 6/376 | 27505 | 2013-14 മുതൽ |
| ഭാരതി ഇൻഫ്രാടെൽ 12/41 | 164716 | 2013-14 മുതൽ |
| റിലയൻസ് 13/673 | 75480 | 2013-14 മുതൽ |
| ഐഡിയ 14/63 | 100515 | 2011-12 മുതൽ 2012-13 വരെ 1020രൂപ 2013-14 മുതൽ 99495 രൂപ |
| ഭാരതി ഇൻഫ്രാടെൽ 14/79 | 73804 | 2013-14 മുതൽ |
| വോഡഫോൺ 17/303 | 116808 | 2011-12 മുതൽ 2012-13 വരെ 2722രൂപ 2013-14 മുതൽ 114086 രൂപ |
| ഭാരതി ഇൻഫ്രാടെൽ 17/304 | 113592 | 2012-13 ൽ 727 രൂപ, 2013-14 മുതൽ 112865 രൂപ |
| ഭാരതി ഇൻഫ്രാടെൽ 19/283 | 37067 | 2011-12 -2012-13 വരെ -6048 രൂപ 2013-14മുതൽ 31019 രൂ |
| ബിഎസ് എൻഎൽ 19/597 | 12128 | 2017-18 |
| ആകെ | 880380/-രൂ | |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 243 വകുപ്പിലെ 3-ാം ഉപവകുപ്പ് പ്രകാരം യഥാസമയം നടപടി സ്വീകരിക്കുന്നതിലെ വീഴ്ചമൂലം പഞ്ചായത്തിന് ലഭിക്കേണ്ട നികുതിയോ മറ്റ് സംഖ്യയോ കാലഹരണപ്പെട്ടാൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയാകുന്നതാണ്. വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ബൈലോ ഇല്ല

കമ്മ്യൂണിറ്റി ഹാളിന്റെ വാടക, ലേലം എന്നിവയുമായി ബന്ധപ്പെട്ട ബൈലോ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/5.8.17) മറുപടിയായി ബൈലോ അംഗീകാരത്തിനു സമർപ്പിച്ചിരിക്കുകയാണെന്നും വാടക, ലേലം എന്നിവയുമായി ബന്ധപ്പെട്ട ബൈലോ കിട്ടിയിട്ടില്ലെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. ബൈലോ തയ്യാറാക്കി ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 2-3 വാടക ഈടാക്കിയില്ല.

കെട്ടിട/സ്ഥല ഇനത്തിൽ വാടക താഴെ പറയുന്ന വ്യക്തികളിൽ നിന്നും നാളിതുവരെ ഈടാക്കിയില്ല.

കെട്ടിടവാടക

| ക്രമ | മേൽവിലാസം | വാർഡ്/ | പ്രതിമാസ | ആകെ |
|---|---|---|---|---|

| നം. | | കെട്ടിട നം. | വാടക | കുടിശ്ശിക |
|---|---|---|---|---|
| 1 | സുബ്രഹ്മണ്യൻ വി.പി.,വല്ലൂപ്പറമ്പിൽ വീട്, കല്ലേറ്റുംകര | 111/169 | 1090 | 13080 |
| 2 | സുബ്രഹ്മണ്യൻ വി.പി., വല്ലൂപ്പറമ്പിൽ വീട്,കല്ലേറ്റുംകര | 111/168 | 72 | 864 |

സ്ഥലവാടക

| ക്രമ നം. | മേൽ വിലാസം | തുക | പ്രതിമാസ വാടക | വാർഡ് | പ്ലോട്ട് നം. |
|---|---|---|---|---|---|
| 1 | ഷൈനി സണ്ണി | 11124 | 3708 | XVII | 368 |

വാടക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 കുടുംബശ്രീഹാൾ വാടകക്കു കൊടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4000 സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഹാൾ കുടുംബശ്രീക്ക് കൈമാറിയിരിക്കുകയാണ്. പ്രസ്തുത ഹാളിന് വാടക ഒന്നും തന്നെ ലഭിക്കുന്നില്ല. അടുക്കള പണിതു കഴിഞ്ഞാൽ വിവാഹ ആവശ്യങ്ങൾക്കും ഹാൾ ഉപയോഗിക്കാവുന്നതാണെന്ന കാണുന്നു. വലിയ തുക ചെലവഴിച്ച് ആർജിക്കുന്ന ആസ്തികൾ പഞ്ചായത്തിന് വരുമാന മാർഗ്ഗമാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഹാളിന്റെ വൈദ്യുതി ചാർജ്ജ് പഞ്ചായത്താണ് നിലവിൽ അടച്ചു കൊണ്ടിരിക്കുന്നത്.

## 2-5 ലൈസൻസ് ഇല്ലാതെ സ്ഥാപനം പ്രവർത്തിയ്ക്കുന്നു

വിവരാവകാശ ഫയൽ പരിശോധിച്ചതിൽ ഫയൽ നമ്പർ A3 5914/2.6.16 ൽ സിസ്റ്റം ബിൽഡേഴ്സ് എന്ന സ്ഥാപനം ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നതായി ചൂണ്ടിക്കാട്ടിയിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/4.8.17) മറുപടിയായി സിസ്റ്റം ബിൽഡേഴ്സ് ലൈസൻസ് എടുത്തിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ വിവരം അറിയാൻ സാധിയ്ക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും , ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-6 ലൈവ്സ്റ്റോക്ക് ചട്ടപ്രകാരം ലൈസൻസ് എടുക്കാതെ കോഴിഫാം പ്രവർത്തിക്കുന്നു.

വിവരാവകാശം ഫയൽ നം.A3/2219/16,തിയതി 25/2/16 ൽ 9-ാം വാർഡിൽ ശ്രീ.അരിക്കാടൻ വർഗ്ഗീസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള കോഴിഫാമിന് ലൈസൻസ് ഇല്ലാത്തതായി പരാതി നൽകിയിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി(1/4.08.17)ടി

ഫാം ലൈസൻസ് എടുത്തിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത ഫാമിന് ലൈസൻസ് എടുപ്പിക്കുന്നതിന് ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.

ഡി.ആന്റ്.ഒ ലൈസൻസ് രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കല്ലേറ്റുംകര ഷോപ്പിംഗ് കോംപ്ലക്സിലെ 43 കടമുറികൾ വാടകയ്ക്ക് നൽകിയതിൽ 35 എണ്ണവും ഡി.ആന്റ്.ഒ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്(ഓഡിറ്റ് എൻക്വയറി നം.1/4.08.17). സാനിറ്ററി സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാലാണ് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾക്ക് ലൈസൻസ് നൽകാത്തതെന്നാണ് മറുപടി നൽകിയിരിക്കുന്നത്. ഷോപ്പിംഗ് കോംപ്ലക്സിന്റെ ശോചനീയാവസ്ഥയെപ്പറ്റി 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു. ഷോപ്പിംഗ് കോംപ്ലക്സിന്റെ ശോചനീയാവസ്ഥ പരിഹരിച്ച് എല്ലാ കടമുറികൾക്കും ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-8 റിസർവ് ബാങ്കിലേക്ക് മുതൽകൂട്ടിയ അക്കൗണ്ട് ബാലൻസ് തിരികെ ലഭ്യമാക്കേണ്ടതാണ്.

എസ്ബിടി എൻഎംബിഎസ് അക്കൗണ്ടിൽ ഉണ്ടായിരുന്ന ബാലൻസ് 72052/-രൂപ പ്രസ്തുത അക്കൗണ്ട് വളരെക്കാലമായി നിർജ്ജീവമായതിനാൽ 22.3.2017 ൽ റിസർവ് ബാങ്കിലേക്ക് മുതൽ കൂട്ടിയതായി കാണുന്നു (പാസ്ബുക്ക് പരിശോധിച്ചതിൽ). പ്രസ്തുത തുക തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ബാലൻസ് തുകയുടെ വിനിയോഗം സംബന്ധിച്ച് സർക്കാരിൽ നിന്ന് അനുമതി വാങ്ങേണ്ടതുമാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇല്ലാത്ത ബൾബുകൾക്ക് പഞ്ചായത്ത് കറന്റ് ചാർജ് അടവാക്കുന്നു

ആളൂർ ഗ്രാമപഞ്ചായത്ത് മാസം തോറും ഏതാണ്ട് 190000/ രൂപയോളം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലേയ്ക്ക് അടവാക്കുന്നുണ്ട്. കൊടകര ഇലക്ട്രിക്കൽ സെക്ഷൻ അസി.എഞ്ചിനീയർ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് 4/2017 മുതൽ വർദ്ധന വരുത്തിയത് വ്യക്തമാക്കിക്കൊണ്ട്, പഞ്ചായത്തിലേയ്ക്ക് നൽകിയ സ്റ്റേറ്റ്മെന്റിൽ, പഞ്ചായത്തിൽ 1022 (40w) ഓർഡിനറി ബൾബുകളും,6 (60w) ഓർഡിനറി ബൾബുകളും ഉള്ളതായി വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2016-17 വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യഗസ്ഥനായി നടപ്പാക്കിയ തെരുവ് വിളക്ക് മെയിന്റനൻസ് എന്ന പ്രോജക്ടിനായി നടത്തിയ വാർഡ് തോറുമുള്ള പരിശോധനയിൽ, പഞ്ചായത്തിൽ CFL ബൾബുകൾ മാത്രമാണ് ഉള്ളതെന്ന് KSEB ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ തെരുവ് വിളക്കുകളുടെ എണ്ണം ഉറപ്പാക്കുവാൻ അടിയന്തിരമായി, പഞ്ചായത്ത് KSEB യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതും, കറന്റ് ചാർജ് പുന:ക്രമീകരിക്കേണ്ടതും, അധികം അടവാക്കിയ കറന്റ് ചാർജ് വരും മാസങ്ങളിലെ

ബില്ലുകളിൽ ക്രമീകരിയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-2 വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം പുനർനിർണയിക്കേണ്ടതാണ്

കേരളാ വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട ഡിവിഷൻ എക്സി.എഞ്ചിനീയറുടെ 30/11/2016 ലെ എ5-2633/15-ാംനമ്പർ കത്ത് പ്രകാരം ആളൂർ ഗ്രാമപഞ്ചായത്ത് 5/2011 മുതൽ 10/2016 വരെ വെള്ളക്കരം കുടശ്ശിക ഇനത്തിൽ 1,18,79,121/- രൂപ അടക്കാനുണ്ടെന്നും ആയത് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി 87,21,624/ രൂപ 31/12/2016 നകം അടച്ച് തീർപ്പാക്കണമെന്നും അറിയിച്ചിട്ടുണ്ട്.

9/11/2016 ൽ പഞ്ചായത്ത് പ്രസിഡന്റ്, വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് അയച്ച കത്തിൽ, പഞ്ചായത്തിൽ പൊരുന്നകുന്ന് സ്കീം നിലവിൽ വാട്ടർ അതോറിറ്റിയാണ് നടത്തി വരുന്നത് എന്നും, എന്നാൽ ഇതിന്റെ വൈദ്യുതി ചാർജ് പഞ്ചായത്ത് ആണ് അടച്ച് വരുന്നതെന്നും, ഈ സ്കീമിന് കീഴിലുള്ള വാട്ടർടാപ്പുകളുടെ ഫീസ് പിരിയ്ക്കുന്നത് വാട്ടർ അതോറിറ്റി ആയതിനാൽ പ്രസ്തുത ടാപ്പുകളുടെ ടാക്സ് ഒഴിവാക്കിയോ, അല്ലെങ്കിൽ ഇലക്ട്രിസിറ്റി ചാർജ് അടക്കുന്നത് ഏറ്റെടുക്കുകയോ ചെയ്യണമെന്നും വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിരുന്നു. നാളിതുവരെ ഈ വിഷയത്തിൽ തീരുമാനം ആകാത്തതിനാലാണ് കുടിശ്ശിക അടയ്ക്കാത്തത് എന്ന് കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ജി.ഒ.(ആർ.ടി.)2242/2011/ ത.സ്വ.ഭ.വ. തി.28/9/2011 പ്രകാരം തദ്ദേശസ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സയുക്തപരിശോധന നടത്തേണ്ടതാണ്. സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം അടിയന്തിരമായി പുനർനിർണയിക്കേണ്ടതും ആയത് പ്രകാരം വെള്ളക്കരം അടവാക്കേണ്ടതുമാണ്.

## 3-3 ഉപയോഗിക്കാത്ത വാഹനങ്ങളുടെ നികുതി അടവാക്കി.

വൗച്ചർ നമ്പർ-21601034/7.2.17 പ്രകാരം KL45C-4261 ആപേയുടെ നികുതി അടവാക്കിയിട്ടുണ്ട് (1688/-രൂപ). ഇത് പകൽ വീടിനോട് ചേർന്ന് സൂക്ഷിച്ചിരിക്കുന്നതായി കാണുകയുണ്ടായി. 2009 മാർച്ചിലാണ് വാഹനം വാങ്ങി രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇത് കൂടാതെ KL45-2341 എന്ന ആപേയും ഉപയോഗിക്കാതെ ഇട്ടിരിക്കുന്നതായി കാണുകയുണ്ടായി. ഇവയുടെ തുടർന്നുള്ള നികുതി ഒഴിവാക്കി കിട്ടുന്നതിന് പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട്.

വാങ്ങി 10 വർഷം പോലും ആകാത്ത വാഹനം(KL45C-4261 ആപേ) ഉപയോഗയോഗ്യമല്ല എന്ന് ചൂണ്ടിക്കാട്ടിയാണ് നികുതി ഇളവ് ആവശ്യപ്പെട്ടിരിക്കുന്നത്. KL45-2341 എന്ന ആപേ വാങ്ങിയതിന്റെ വിവരങ്ങൾ ലഭ്യമായില്ല.

പഞ്ചായത്ത് വൻ തുക ചെലവഴിച്ച് ആർജ്ജിക്കുന്ന ആസ്തികൾ ഉപയോഗ ശൂന്യമാക്കി കളയുന്നത് പൊതുപണത്തിന്റെ ദുർവ്യയമായേ കണക്കാക്കാനാകൂ. ഇവ ഉപയോഗ യോഗ്യമാക്കാനുള്ള സാധ്യതകൾ ആരായേണ്ടതാണ്.

## 3-4 പകൽ വീട് അടിസ്ഥാന സൗകര്യ പദ്ധതികൾ -പകൽവീട് പ്രവർത്തന സജ്ജമായിട്ടില്ല.

പദ്ധതി നമ്പർ-157/17 പ്രകാരം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പകൽവീട് വൈദ്യുതീകരണ പദ്ധതിയിൽ ബിൽ നമ്പർ-40/16-17/31.3.2017 പ്രകാരം 69446/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പകൽവീട്ടിലേക്ക് ടെലിവിഷൻ, കട്ടിൽ , സോഫ, അലമാര, മേശ, കസേര എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. ബിൽ നമ്പർ-12/16-17/31.3.2017 പ്രകാരം ഇവക്കായി 77930/-രൂപ ചെലവഴിച്ചിട്ടുണ്ട്.

ഓഡിറ്റ് ടീം 9.8.2017 ന് നടത്തിയ ഭൗതിക പരിശോധനയിൽ കറന്റ് കണക്ഷൻ ലഭ്യമാകാത്തതായും പകൽവീട് പ്രവർത്തന ക്ഷമമല്ലാത്തതായും കാണുകയുണ്ടായി. പകൽവീട്ടിലേക്ക് വാങ്ങിയ ടെലിവിഷൻ ഐസിഡിഎസ് സൂപ്പർവൈസറുടെ മുറിയിൽ സൂക്ഷിച്ചിരിക്കുകയാണ്.

പകൽവീട് പ്രവർത്തന ക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-5 ജെൻഡർ കോർണർ &ഹെൽപ് ഡെസ്ക് -പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധം

പദ്ധതി നമ്പർ-234/17

ബിൽ നം. 15/16-17 തീയതി 30.3.17 ചെലവ് -101350/-രൂപ

വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയിൽ സെമിനാർ, മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണ ക്ലാസ്, ഭക്ഷണം, പ്രിന്റിംഗ് എന്നിവക്കാണ് തുക ചെലവഴിച്ചിരിക്കുന്നത്. പദ്ധതി മാർഗ്ഗരേഖ ഉത്തരവ് നം.4/2016/തസ്വഭവ/11.1.2016 പ്രകാരം ഉൽപാദനപരമല്ലാത്ത പരിപാടികൾ നടത്തുന്നത് അനുവദനീയമല്ലാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-6 മൈലേജ് ടെസ്റ്റ് നടത്തുന്നില്ല.

പഞ്ചായത്ത് വക ബൊലേറോ ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ KL-45B-5394 മൈലേജ് ടെസ്റ്റ് നടത്തുന്നില്ല എന്ന് കാണുകയുണ്ടായി. നിലവിലെ ഡ്രൈവർ 3 വർഷമായി തുടർന്നു വരുന്നയാളാണ്. ടിയാൾ അറിയിച്ചത് 3 വർഷത്തിനുള്ളിൽ മൈലേജ് ടെസ്റ്റ് നടത്തിയിട്ടില്ല എന്നാണ്. മൈലേജ് ടെസ്റ്റ് നടത്താത്തതിനാൽ ഇന്ധന ക്ഷമതയുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല. മൈലേജ് ടെസ്റ്റ് നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 ഉറുമ്പൻ കുന്ന് സബ്സെന്റർ പ്രവർത്തിക്കുന്നില്ല.

പദ്ധതി നമ്പർ-157/17 പ്രകാരം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഉറുമ്പൻ കുന്ന് സബ്സെന്റർ വൈദ്യുതീകരണ പദ്ധതിയിൽ ബിൽ നമ്പർ-39/16-17/31.3.2017 പ്രകാരം 57741/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് ടീം 9.8.2017 ന് നടത്തിയ ഭൗതിക പരിശോധനയിൽ കറന്റ് കണക്ഷൻ ലഭ്യമാകാത്തതായും സബ്സെന്റർ പ്രവർത്തന ക്ഷമമല്ലാത്തതായും കാണുകയുണ്ടായി. ജനൽ ചില്ലുകൾ പൊട്ടിയ നിലയിലും ഉൾഭാഗം പൊടി പിടിച്ച നിലയിലും ഉപയോഗ ശൂന്യമായ അവസ്ഥയിലാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. സബ്സെന്റർ പ്രവർത്തന ക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുക 57741/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 വിനിയോഗ സാക്ഷ്യപത്രം ഇല്ല. തുക തടസ്സപ്പെട്ടുന്നു.

| ക്രമ നം. | പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | ബിൽ നമ്പർ/തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 274/17 | കേരള സാമൂഹ്യ സുരക്ഷ മിഷന് വിഹിതം നൽകൽ | 23/16-17/22.2.17 500000/-രൂപ | സാമൂഹ്യ സുരക്ഷാ മിഷൻ ഡയറക്ടർക്ക് നൽകിയത്. വിനിയോഗ സാക്ഷ്യ പത്രം ഇല്ല. |
| 2 | 96/17 | ലൈബ്രറിയിലേക്ക് പുസ്തകം നൽകൽ | 36/16-17/31.3.2017 43740/- രൂപ | സെക്രട്ടറി, ബുക്ക് മാർക്ക്. ബുക്ക് മാർക്കിന്റെ കൈപ്പറ്റ് രസീത് ഇല്ല. |
| 3 | 104/17 | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ചെക്ക് നമ്പർ-604197/18.1.17(57695)<br>ചെക്ക് നമ്പർ-604199/25.1.17(300/-)<br>ചെക്ക് നമ്പർ-657020/24.3.17(29935/-)<br>ചെക്ക് നമ്പർ-657026/28.3.17(30001/-) | അസിസ്റ്റന്റ്എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കൊടകര. വിനിയോഗ സാക്ഷ്യ പത്രം ഇല്ല. |
| 4 | 0009/17 | എസ് എസ് എ വിഹിതം നൽകൽ | 22/16-17/22.2.17 (1139170/-) | വിനിയോഗ സാക്ഷ്യ പത്രം ഇല്ല. ജില്ലാ പ്രോഗ്രാം ഓഫീസർ എസ്.എസ്.എ ക്ക് നൽകിയത് |
| 5 | 146/17 | എബിസി പ്രോഗ്രാം | 13/16-17 /28.10.16(75000/-)<br>26/16-17 /14.3.17(225000/-) | സെക്രട്ടറി തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് നൽകിയത്. വിനിയോഗ സാക്ഷ്യ പത്രം ഇല്ല. |
| 6 | 255/17 | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ | 18/16-17 /15.2.17(314000/-) | വാട്ടർ അതോറിറ്റി അസി. എക്സി. എഞ്ചിനീയർക്ക് ഇരിഞ്ഞാലക്കുട ഡിവിഷന് നൽകിയത് വിനിയോഗ സാക്ഷ്യ പത്രം ഇല്ല. |
| 7 | 275/17 | വിവിധ വാർഡുകളിൽ കുടിവെള്ള സൗകര്യമെത്തിക്കൽ | 25/16-17 /2.3.17(1088498/-)<br>24/16-17 /2.3.17(257502/-) | വാട്ടർ അതോറിറ്റി അസി. എക്സി. എഞ്ചിനീയർക്ക് നൽകിയത്. വിനിയോഗ സാക്ഷ്യ പത്രം ഇല്ല. |
| 8 | 286/17 | കെഎസ് ഇബി -സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 33/16-17 /31.3.17(750000/-)<br>34/16-17 /31.3.17(57045/-) | കെ.എസ്.ഇ.ബി അസി. എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ കൊടകരക്ക് നൽകിയത്. |

| | | | | |
|---|---|---|---|---|
| | | | | വിനിയോഗ സാക്ഷ്യ പത്രം ഇല്ല. |
| | | ആകെ | 4567886/- | |

## 3-9 കണ്ണിക്കര ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടങ്ങളും അനുബന്ധ ഉപകരണങ്ങളും ഉപയോഗിക്കുന്നില്ല.

കണ്ണിക്കര ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഓഡിറ്റ് ടീം 9.8.2017 ന് നടത്തിയ ഭൗതിക പരിശോധനയിൽ സോപ്പ് നിർമ്മാണ യൂണിറ്റിനായി നൽകിയിരുന്ന ഹാൾ നിലവിൽ 4 മുറികളായി തിരിച്ചിട്ടുണ്ട്. എന്നാൽ ഒന്നു പോലും ഉപയോഗിക്കുന്നില്ല. ഒരെണ്ണത്തിൽ മാത്രമാണ് കറന്റ് കണക്ഷൻ ലഭിച്ചിരിക്കുന്നത്. പ്രിന്റിങ്ങ് പ്രസിനായി നൽകിയ കെട്ടിടവും നിലവിൽ ഉപയോഗിക്കുന്നില്ല. കറിപ്പൊടികൾ നിർമ്മിക്കുന്ന യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെങ്കിലും വാടക ഈടാക്കുന്നില്ല. 4 മുറികൾ മാത്രമാണ് വാടക നൽകി പ്രവർത്തിക്കുന്നത്.

പഞ്ചായത്തിന്റെ ആസ്തികൾ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 ആദായ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ പ്രിന്റിങ്ങ് ജോലികൾ ക്വട്ടേഷൻ മുഖേന ഗ്രാമശ്രീ പ്രിന്റേഴ്സിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. പദ്ധതി നമ്പർ-94/17 ൽ പൗരാവകാശ രേഖ പ്രിന്റ് ചെയ്യുന്നതിന് ചെക്ക് നമ്പർ-079303/25.3.17 പ്രകാരം 31500/-രൂപയും പദ്ധതി നമ്പർ-10/17 ൽ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായ പ്രിന്റിങ്ങ് പ്രവൃത്തികൾക്ക് 39750/- രൂപ, 8050/-രൂപ (ചെക്ക് നമ്പർ-86877/26.10.2016)എന്നിങ്ങനെ പദ്ധതികളിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയേതര പ്രിന്റിങ്ങ് പ്രവൃത്തികളും ടി സ്ഥാപനം ചെയ്തിട്ടുണ്ട്. സ്ഥാപനത്തിൽ നിന്ന് നിയമാനുസൃത ആദായ നികുതി ഈടാക്കിയിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറി നമ്പർ-18/9.8.17 ന് മറുപടി ലഭിച്ചത്. പ്രസ്തുത സ്ഥാപനത്തിന് നൽകിയ തുകകൾ പരിശോധിച്ച് നിയമാനുസൃത നികുതി ഈടാക്കേണ്ടതാണ്.

## 3-11 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

12ാം പദ്ധതി മാർഗ്ഗരേഖ(2016-17 ) ഉത്തരവ് നം.4/2016/തസ്വഭവ/11.1.2016 പ്രകാരം അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് മുൻഗണന നൽകേണ്ടതാണ്.

ആളൂർ ഗ്രാമ പഞ്ചായത്തിൽ 41 അംഗൻവാടികൾ ആണ് ഉള്ളത്. ആയതിൽ 8 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 9.8.2017 ന് ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധയിൽ പല അംഗൻവാടികളും മോശം സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നതെന്ന് കാണുകയുണ്ടായി.

1. ആസ്ബസ്റ്റോസ് മേഞ്ഞ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

അംഗൻവാടി നമ്പർ 121 ആസ്ബസ്റ്റോസ് മേഞ്ഞ വാടക കെട്ടിടത്തിൽ ആണ് പ്രവർത്തിക്കുന്നത്. അടുക്കളയുടെ തറ ഈർപ്പം ഉള്ള നിലയിലാണ്. തൊട്ടടുത്ത പറമ്പിലെ പ്ലാവ് അംഗൻവാടിയുടെ മേൽക്കൂരയിലേക്ക് ചാഞ്ഞ് നിൽക്കുകയാണ്. ആസ്ബസ്റ്റോസ് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടയാക്കും എന്നതിനാൽ അടിയന്തിരമായി അംഗൻവാടി മാറ്റി സ്ഥാപിക്കേണ്ടതാണ്.

2.ഒറ്റ മുറി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

അംഗൻവാടി നമ്പർ 25 വാടക കെട്ടിടത്തിൽ ഒറ്റ മുറിയിലാണ് പ്രവർത്തിക്കുന്നത്. കുട്ടികൾ ഇരിക്കുന്നതിന്റെ തൊട്ടടുത്തായാണ് ഗ്യാസ് സിലിണ്ടർ വച്ചിരിക്കുന്നത്. ഷീറ്റ് മേഞ്ഞ കെട്ടിടത്തിന് ചോർച്ചയും ഉണ്ട്.

3.പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

പറമ്പി റോഡിനടുത്ത് സ്ഥിതി ചെയ്യുന്ന 13-ാം നമ്പർ അംഗൻവാടിയുടെ മേൽക്കൂരയിൽ നിന്ന് പ്ലാസ്റ്റർ അടർന്നു വീഴുന്ന നിലയിലാണ്. വീഴാറായി നിൽക്കുന്ന മതിലിന്റെ ഭാഗങ്ങൾ കുട്ടികൾക്ക് ഭീഷണിയാണ്. 1984 ലാണ് കെട്ടിടം പണി തീർത്തത്. ശോചനീയാവസ്ഥ കണക്കിലെടുത്ത് അംഗൻവാടി മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 ആശ്രയ പദ്ധതി സമയ ബന്ധിതമായി നടപ്പിലാക്കേണ്ടതാണ്.

ആളൂർ ഗ്രാമ പഞ്ചായത്തിൽ ആശ്രയ പദ്ധതി ഒന്നാം ഘട്ടം ആരംഭിച്ചത് 2007-08 ലാണ്. പ്രസ്തുത പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയിരുന്ന തുകയും ലഭ്യമാക്കിയ സേവനങ്ങളുടേയും വിശദാംശം താഴെ ചേർക്കുന്നു.

| അടിസ്ഥാന സൗകര്യ വികസനം | തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | സേവനം ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വീട് | 32 | 0 |
| അറ്റകുറ്റപ്പണി | 0 | 11 |
| സ്ഥലം വാങ്ങൽ | 23 | 3 |
| കിണർ ആൾമറ | 5 | 0 |
| വൈദ്യുതീകരണം | 30 | 0 |
| ടോയ്‌ലറ്റ് | 14 | 0 |

ഒന്നാം ഘട്ടത്തിൽ തുക വകയിരുത്തിയ അടിസ്ഥാന സൗകര്യ ഇനങ്ങൾക്ക് ആവശ്യമായ തുക (സ്ഥലം വാങ്ങൽ, വൈദ്യുതീകരണം) വകയിരുത്താതിരുന്നതും വകയിരുത്താത്ത ഇനങ്ങൾക്ക് (അറ്റകുറ്റപ്പണി) ചെലവഴിച്ചതിൽ നിന്നും ശരിയായ ആസൂത്രണമില്ലാതെയാണ് പദ്ധതി തയ്യാറാക്കിയത് എന്ന് വ്യക്തമാകുന്നു. 2010 ൽ അവസാനിക്കേണ്ടിയിരുന്ന പദ്ധതി 2015 ൽ ആണ് അവസാനിച്ചത്. എന്നിട്ടും ലക്ഷ്യം നേടാൻ സാധിച്ചിട്ടില്ല.

2014 ൽ രണ്ടാം ഘട്ടത്തിന് അംഗീകാരം നേടി. എന്നാൽ 2016 ൽ മാത്രമാണ് രണ്ടാം ഘട്ടം ആരംഭിച്ചത്. 3 പേർക്ക് സ്ഥലം വാങ്ങുന്നതിന് 675000/-രൂപ മാത്രമാണ് രണ്ടാം ഘട്ടത്തിൽ ചെലവഴിച്ചത്.

തുടർ സേവനത്തിനായി 2690000/രൂപ ആണ് ആവശ്യപ്പെട്ടത്. 554701/-രൂപ മരുന്നിന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. പാസ്ബുക്ക് പരിശോധിച്ചതിൽ 12,29,134/-രൂപ ആണ് 7/17 ലെ ബാലൻസ് . ഇത് ചലഞ്ച് ഫണ്ട് ആണെന്നാണ് അറിയിച്ചത്.

സമൂഹത്തിലെ ഏറ്റവും അവശരായ ആശ്രയ ഗുണഭോക്താക്കൾക്ക് സമയ ബന്ധിതമായി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 പാലിയേറ്റീവ് കെയർ- മരുന്നുകളും, മെഡിക്കൽ ഉപരണങ്ങളും കേരളാ സ്റ്റേറ്റ് മെഡിക്കൽ സർവീസ് കോർപറേഷനിൽ നിന്നും സമയത്തിന് ലഭ്യമാകുന്നില്ല

മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ ഹോം കെയറിനാവശ്യമായ മരുന്നുകളും, ഉപകരണങ്ങളും വാങ്ങുന്നതിനായി കേരളാ മെഡിക്കൽ സർവീസ് കോർപറേഷനിലേക്ക് തുക നൽകിയിട്ടുണ്ട്. മരുന്നുകൾ വാങ്ങുന്നതിനായി 250000/ രൂപ (ബിൽ നം.2/16-17, തീ.16/2/17)യും , ഉപകരണങ്ങൾ വാങ്ങുന്നതിനായി 74882/ രൂപയും(ബിൽ നം.4/16-17,തി.29/3/17) ആണ് കോർപറേഷനിലേക്ക് നെറ്റ് ബാങ്കിംഗ് വഴി കൈമാറിയിട്ടുള്ളത്. എന്നാൽ നാളിതുവരെ മരുന്നും ഉപകരണങ്ങളും ലഭ്യമായിട്ടില്ല.

പാലിയേറ്റീവ് കെയർ പോലുള്ള ഒരു പ്രോജക്ടിന് മരുന്നുകളും ഉപകരണങ്ങളും ലഭിയ്ക്കാനുണ്ടാകുന്ന കാലതാമസം ഭാവിയിൽ ഒഴിവാക്കേണ്ടതും മരുന്നുകളും ഉപകരണങ്ങളും അടിയന്തിരമായി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ചെലവ് തുക 324882 രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി 150000/- രൂപ കേരളാ സ്റ്റേറ്റ് മെഡിക്കൽ സർവീസ് കോർപറേഷന് നിർവഹണോദ്യോഗസ്ഥൻ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും മരുന്ന് ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക 150000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-15 ഇലക്ട്രിഫിക്കേഷൻ എഞ്ചിനീയർക്ക് അധികനിരക്കിൽ സൂപ്പർവിഷൻ ചാർജ് നൽകി

സർക്കാർ ഉത്തരവ് നമ്പർ (ആർ.ടി.)നം.2878/2015/ത.സ്വ.ഭ.വ. പ്രകാരം പഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിയ്ക്കുന്നതിനും PWD, KSEB എന്നിവിടങ്ങളിൽ നിന്നും വിരമിച്ച യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ LSGD എക്സി.എഞ്ചിനീയർമാർ തയ്യാറാക്കേണ്ടതാണ്. ഈ പാനലിൽ നിന്നും ഒരു എക്സി.എഞ്ചിനീയറെ തദ്ദേശഭരണസ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, പ്രവൃത്തികളുടെ

മേൽനോട്ടം വഹിയ്ക്കുക ബിൽ തയ്യാറാക്കുക എന്നിവ പ്രസ്തുത എഞ്ചിനീയറുടെ ഉത്തരവാദിത്തമായിരിയ്ക്കും. പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ 3% ൽ കവിയാത്ത തുക പ്രതിഫലമായി എഞ്ചിനീയർക്ക് നൽകാവുന്നതാണ് (ഓഡിറ്റ് എൻക്വയറി നം.8/7.8.17).

അസി.സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ നമ്പിക്കുന്ന് ഹാൾ ഇലക്ട്രിഫിക്കേഷൻ എന്ന പ്രവൃത്തിയിലും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഉറുമ്പൻകുന്ന് സബ്സെന്റർ, ഷോളയാർ സബ്സെന്റർ, പകൽവീട് എന്നീ വൈദ്യുതീകരണ പ്രവർത്തികളിലും എസ്റ്റിമേറ്റ് തുകയുടെ 4% സൂപ്പർവിഷൻ ചാർജ് നൽകിയതായി കാണുന്നു.

വിശദാംശം താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്/നമ്പർ | എസ്റ്റിമേറ്റ് | നൽകാവുന്ന നിരക്ക്(3%) | നൽകിയത്(4%) | അധികം/ബിൽ നം. |
|---|---|---|---|---|
| ഉറുമ്പൻകുന്ന് സബ്സെന്റർ 158/17 | 64523 | 1936 | 2581 | 645 39/17 തീ.31.3.17 |
| ഷോളയാർ സബ്സെന്റർ 156/17 | 45479 | 1364 | 1819 | 455 38/17 തീ. 31.3.17 |
| പകൽവീട് 157/17 | 69652 | 2090 | 2786 | 696 40/17 തീ. 31.3.17 |
| നമ്പിക്കുന്ന് ഹാൾ ഇലക്ട്രിഫിക്കേഷൻ 167/16 | 141179 | 4235 | 5647 | 1412 35/17 തീ. 28.3.17 |
| | | | ആകെ | 3208 |

ശ്രീ വർഗ്ഗീസ് പ്ലാശ്ശേരി എന്ന വ്യക്തിക്കാണ്(എ.ഇ റിട്ട.) തുക നൽകിയിരിക്കുന്നത്. എന്നാൽ പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിശദാംശം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-16 നമ്പിക്കുന്ന് ഹാൾ അടിസ്ഥാന സൗകര്യ വികസനം- ഹാൾ ഉപയോഗപ്പെടുത്തുന്നില്ല.

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നമ്പിക്കുന്ന് ഹാൾ വൈദ്യുതീകരണം എന്ന പ്രൊജക്ടിനു പുറമെ കസേര, മേശ എന്നിവ വാങ്ങലിനായി മറ്റൊരു പ്രൊജക്ടും നടപ്പിലാക്കിയിട്ടുണ്ട്. ഓഡിറ്റ് ടീം 9.8.17 ന് നടത്തിയ ഭൗതിക പരിശോധനയിൽ ഹാളിലേക്ക് വാഹന സൗകര്യം ഇല്ലാത്തതായും ചുറ്റും കാടുപിടിച്ച നിലയിലും ആണ് കാണപ്പെട്ടത്. 2016-17 ൽ ഒരു തവണ മാത്രമാണ് ഹാൾ വാടകക്ക് നൽകിയത്. മേൽ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-17 പഞ്ചായത്തിന്റെ ആസ്തികൾ അറ്റകുറ്റപ്പണി നടത്താതെ

**നശിക്കുന്നു.**

ഓഡിറ്റ് ടീം 9.8.17 ന് പറമ്പി റോഡ് അംഗൻവാടി സന്ദർശിച്ച സമയത്ത് പ്രസ്തുത അംഗൻവാടിക്കടുത്ത് ആളൂർ ഗ്രാമ പഞ്ചായത്ത് സേവാഗ്രാം ഗ്രാമകേന്ദ്രം എന്ന കെട്ടിടം കാടു പിടിച്ച നിലയിലും ജനൽ,വാതിൽ എന്നിവ തകർന്ന നിലയിലും കാണുകയുണ്ടായി. പ്രസ്തുത കെട്ടിടം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലും ഉൾപ്പെട്ട് കാണുന്നില്ല. പഞ്ചായത്തിന്റെ ആസ്തികൾ അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുന്നതിന് പഞ്ചായത്ത് സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-18 ആയുർവേദ ആശുപത്രിയിലേക്ക് വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ല.

പദ്ധതി നമ്പർ-67/15

ബിൽ നമ്പർ/തിയതി-4/16-17.തിയതി.27-03-17

ബിൽ തുക-214850

നിർവ്വഹണ ഉദ്യോഗസ്ഥൻ-ആയുർവേദ മെഡിക്കൽ ഓഫീസർ

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'ആയുർവേദ ആശുപത്രികൾക്ക് ഉപകരണങ്ങൾ'എന്ന പദ്ധതിയിൽ ഹോംബസാർ ചാലക്കുടിയിൽ നിന്നും ജനറേറ്റർ, സോളാർ വാട്ടർ ഹീറ്റർ മുതലായവ വാങ്ങിയിട്ടുണ്ട്. 9-08-17ന് ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ ജനറേറ്റർ, സോളാർ വാട്ടർ ഹീറ്റർ മുതലായവ ഇലക്ട്രിക് കണക്ഷൻ ശരിയാക്കാത്തതിനാൽ ഉപയോഗിക്കാത്തതായി കാണുകയുണ്ടായി. ടി.വി വാങ്ങിയിട്ടുണ്ടെങ്കിലും രോഗികൾക്ക് ഇരുന്ന് കാണുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടില്ല. ഉപകരണങ്ങൾ ഉപയോഗയോഗ്യമാക്കുന്നതിനും ടി.വി കാണുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-19 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന നിർവഹണോദ്യോഗസ്ഥൻമാർ നടപ്പാക്കിയ പദ്ധതികൾക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| നിർവഹണോദ്യോഗസ്ഥന്റെ പേര് | പദ്ധതി നം | പദ്ധതിയുടെ പേര് | തുക | കൈമാറിയ സ്ഥാപനം | തുക കൈമാറിയതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|
| വി.ഇ.ഒ | 187/17 | IAY ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ(SC) | 2393600 | മാള ബ്ലോക്ക് പഞ്ചായത്ത് | ബിൽ നം.2/17 തീ. 9.2.2017<br>ബിൽ നം.5/17 തീ. 28.3.2017 |
| വി.ഇ.ഒ. | 186/17 | I AYഗ്രാമപഞ്ചായത്ത് | 182125 | മാള ബ്ലോക്ക് | ബിൽ നം.1/17 തീ. 31.1.2017 |

| | | | | | |
|---|---|---|---|---|---|
| | | വിഹിതം നൽകൽ(ജനറൽ) | | പഞ്ചായത്ത് | |
| സീനിയർ വെറ്ററിനറി സർജൻ | 20/17 | കന്നുകുട്ടി പരിപാലനം | 475000 | ഡെപ്യൂട്ടി ഡയറക്ടർ ,SLBP, തൃശ്ശൂർ | ബിൽനം.1/16-17 തീ.14/2/17 |
| | | ആകെ | 3050725 | | |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

## 3-20 ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

പഞ്ചായത്ത് കമ്മറ്റി തീരുമാനം നമ്പർ-225/9.8.2016 പ്രകാരം പഞ്ചായത്തിന്റെ അധീനതയിൽ ഉള്ളതും ആസ്തി രജിസ്റ്ററിൽ പെടാത്തതുമായ ആസ്തികളെ സംബന്ധിച്ച വിവരങ്ങൾ എല്ലാ വാർഡ് മെമ്പർമാരും ശേഖരിക്കുന്നതിനും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പൂർണ്ണമല്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആസ്തി രജിസ്റ്റർ പൂർണ്ണവും കാലികവുമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ | 0 | 300000 |
| ജില്ലാ പഞ്ചായത്ത് | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | പാലിന് ഇൻസൻറീവ് | 100000 | 0 |

## 4-2നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർനൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | - | 807045 | 807045 | 0 |
| വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ കുടിവെള്ള സൗകര്യമെത്തിക്കൽ | - | 1346000 | 1346000 | 0 |
| വാട്ടർ അതോറിറ്റി | അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ | - | 314000 | 314000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 .(i)വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 479655 |
| തൻ വർഷം നിക്ഷേപിച്ച തുക | 41966 |
| ആകെ | 521621 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 521621 (എഫ് ഡി നമ്പർ10799979818/ 24.3.17 |

## 4-6ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം / തിയ്യതി |
|---|---|---|---|---|
| 1996-97 | D&O ലൈസൻസ് | 190 | എൻ എം അശോകൻ | 11609100849 / 19.04.16 |

| | | | | |
|---|---|---|---|---|
| 1996-97 | പാര 25(1) | 75 | കെ ആർ റാം | 11609100850 / 19.04.16 |
| 1999-00 | പാര 7 | 589 | കെ ബി ഗോപാലകൃഷ്ണൻ | 11609100912 / 20.04.16 |
| 1999-00 | പാര 9 | 200 | എം എസ് മൊയിതീൻ | 11609100913 / 20.04.16 |
| 1996-97 | പാര 17 | 4838 | സി എ ജോൺ | 11609100914 / 20.04.16 |
| 1996-97 | പാര 24 | 140 | എൻ എം വിൽസൺ | 11609100915 / 20.04.16 |
| 1996-98 | പാര 24 | 115 | മേരി ആൻറണി | 11609100917 / 20.04.16 |
| 1999-00 | പാര 9 | 70 | എ വി ഗോപി | 11609100918 / 20.04.16 |
| 1999-00 | പാര 11 | 350 | | 11609100919 / 20.04.16 |
| 1999-00 | പാര 12 | 90 | പന്തല്ലൂക്കാരൻ ഫ്യൂവൽ എജൻസി | 11609100920 / 20.04.16 |
| 1996-97 | പാര 3 | 96 | എം കെ ലീല | 11609100923 / 20.04.16 |
| 1996-97 | പാര 24 | 450 | കെ പി ജോസ് | 11609100924 / 20.04.16 |
| 1996-97 | പാര 8 | 959 | എ വി വിനോദ് കുമാർ | 11609100925 / 20.04.16 |
| 1996-97 | പാര 23 | 25 | വി രാധാകൃഷ്ണൻ | 11609100926 / 20.04.16 |
| 1996-97 | പാര 23 | 25 | എം ഒ ആനി | 11609100927 / 20.04.16 |
| 1996-97 | പാര 23 | 100 | പി ആർ കറപ്പൻ | 11609100928 / 20.04.16 |
| 1997-98 | പാര 10 | 132 | സെക്രട്ടറി, ആളൂർ ഗ്രാമപഞ്ചായത്ത് | 11609100929 / 20.04.16 |
| 1998-99 | പാര 2(2) | 130 | പി എം വിജയൻ | 11609100936 / 20.04.16 |
| 1998-99 | പാര 2(2) | 120 | ടി ആർ ഉണ്ണികൃഷ്ണൻ | 11609100937 / 20.04.16 |
| 1998-99 | പാര 2(1) | 270 | ലീലാമ്മ എ ജെ | 11609100938 / 20.04.16 |
| 1998-99 | പാര 2(1) | 270 | സിസ്റ്റർ മേഴ്സി | 11609100939 / 20.04.16 |
| 1998-99 | പാര 2(2) | 120 | സി.കൊച്ചുമേരി | 11609100940 / 20.04.16 |
| 1996-97 | പാര 17 | 399 | സൂപ്പർഷൈൻ ഇൻഡസ്ട്രീസ് | 11609100941 / 20.04.16 |
| 1996-97 | പാര 24 | 50 | കെ പി ജോണി | 11609101327 / 30.04.16 |
| 1996-97 | പാര 24 | 190 | ടി എൻ രാധാകൃഷ്ണൻ | 11609101328 / 30.04.16 |
| 1996-97 | പാര 24 | 115 | എം എം തോമസ് | 11609101329 / 30.04.16 |
| 1996-97 | പാര 24 | 260 | പി സി ലോനപ്പൻ | 11609101332 / 30.04.16 |

| | | | | |
|---|---|---|---|---|
| 1996-97 | പാര 24 | 165 | ജി ആർ വാര്യർ | 11609101333 / 30.04.16 |
| 1996-97 | പാര 24 | 38 | കെ ആർ കാമേഷ്ടമാർ | 11609101334 / 30.04.16 |
| 1996-97 | പാര 25 | 25 | ആനി ജോയ് | 11609101335 / 30.04.16 |
| 1996-97 | പാര 17 | 1902 | പി ആർ സുരേഷ് | 11609101353 / 2.05.16 |
| 1996-97 | പാര 27 | 500 | മാണിക്കുട്ടി | 11609101354 / 2.05.16 |
| 1996-97 | പാര 27 | 400 | അന്തോണി | 11609101355 / 2.05.16 |
| 1998-99 | പാര 27 | 505 | സുന്ദരൻ | 11609101356 / 2.05.16 |
| 1998-99 | പാര 2-1 | 190 | പ്രീതി ബേക്കറി | 11609101358 / 2.05.16 |
| 1998-99 | പാര 2-5 | 50 | മാവേലി ജോർജ്ജ് | 11609101359 / 2.05.16 |
| 1998-99 | പാര 2-1 | 150 | സി.റീത്ത | 11609101360 / 2.05.16 |
| 1998-99 | പാര 2-1 | 120 | പി കെ സുഗതൻ | 11609101361 / 2.05.16 |
| 1997-98 | പാര 8 | 83 | സെക്രട്ടറി, ആളൂർ ഗ്രാമപഞ്ചായത്ത് | 11609101362 / 2.05.16 |
| 1997-98 | പാര 20 | 1343 | ശോഭന | 11609101363 / 2.05.16 |
| 1997-98 | പാര 20 | 25 | ജാൻസി | 11609101364 / 2.05.16 |
| 1997-98 | പാര 20 | 27 | തങ്കമണി ചന്ദ്രൻ | 11609101365 / 2.05.16 |
| 1997-98 | പാര 20 | 2 | അന്തോണി കൊച്ചപ്പൻ | 11609101366 / 2.05.16 |
| 1997-98 | പാര 20 | 245 | ദേവസ്സിക്കുട്ടി കൈനാടത്ത് | 11609101367 / 2.05.16 |
| 1999-2000 | പാര 44(2) | 2391 | കൃഷി ഓഫീസർ, ആളൂർ | 11609101088 / 25.04.16 |
| 1999-2000 | പാര 16 | 4575 | സെക്രട്ടറി, ആളൂർ ഗ്രാമപഞ്ചായത്ത് | 11609101089 / 25.04.16 |
| 1994-95,1995-96 | പാര 40 | 5700 | സെക്രട്ടറി, ആളൂർ ഗ്രാമപഞ്ചായത്ത് | 11609101966 / 23.05.16 |
| 1996-97 | പാര 16 | 2960 | സെക്രട്ടറി, ആളൂർ ഗ്രാമപഞ്ചായത്ത് | 11609101968 / 23.05.16 |
| 1996-97 | പാര 14 | 2806 | സെക്രട്ടറി, ആളൂർ ഗ്രാമപഞ്ചായത്ത് | 11609101975 / 23.05.16 |
| 1996-97 | പാര 15 | 1553 | സെക്രട്ടറി, ആളൂർ ഗ്രാമപഞ്ചായത്ത് | 11609101980 / 23.05.16 |
| 1996-97 | പാര 17 | 2638 | ബിറ്റുമിൻസ് എന്റർപ്രൈസസ് കൊച്ചിൻ | 11609102003 / 24.05.16 |
| 1996-97 | പാര 17 | 237 | വിലാസ് ഹാർഡ് വേയേഴ്സ് കല്ലേറ്റുംകര | 11609102005 / 24.05.16 |

| | | | | |
|---|---|---|---|---|
| 1996-97 | പാര 17 | 260 | ടി വി ജോയ് | 11609102006 / 24.05.16 |
| 1996-97 | പാര 17 | 2912 | കെ യു ഉത്തമൻ | 11609102007 / 24.05.16 |
| 1996-97 | പാര 17 | 291 | ജെ ജെ അസോസിയേറ്റ്സ് | 11609102008 / 24.05.16 |
| 1996-97 | പാര 17 | 832 | ജോൺ മാത്യു | 11609102009 / 24.05.16 |
| 1996-97 | പാര 17 | 3388 | എ ആർ സുരേഷ് | 11609102010 / 24.05.16 |
| 1999-2000 | പാര 10 | 150 | നാരായണൻ നായിഡു | 11609102066 / 25.05.16 |
| 1999-2000 | പാര 10 | 200 | എം കെ സതീശൻ | 11609102067 / 25.05.16 |
| 1999-2000 | പാര 10 | 200 | ജയ സുരേന്ദ്രൻ | 11609102068 / 25.05.16 |
| 2000-2001 | പാര 2-3(10) | 63 | എം പി മേരി, സി ജെ ഫുഡ് ഇൻഡസ്ട്രീസ് കല്ലേറ്റുംകര | 11609107141 / 14.11.16 |
| 2000-2001 | പാര 2-3(12) | 875 | സുമ അശോകൻ, നാലുമാക്കൽ, സാമ്രാട്ട് സ്റ്റീൽ ഇൻഡസ്ട്രീസ് | 11609107142 / 14.11.16 |
| 2000-2001 | പാര 2-3(13) | 16 | ജോയ്സൺ അറക്കൽ, വെള്ളാഞ്ചിറ | 11609107143 / 14.11.16 |
| 2000-2001 | പാര 3-2 | 220 | പ്രദീപ് കുമാർ എൻ, എ എസ് പുരത്തൂർ പഞ്ചായത്ത്, മലപ്പുറം | 11609107144 / 14.11.16 |
| 2000-2001 | പാര 3-5(2) | 199 | പി കെ ഷിജു, കൺവീനർ | 11609107145 / 14.11.16 |
| 2000-2001 | പാര 3-5(3) | 937 | എൻ സി മോഹനൻ, കൺവീനർ | 11609107146 / 14.11.16 |
| 2000-2001 | പാര 2(2) | 750 | മാനേജർ രശ്മി തിയറ്റർ, കല്ലേറ്റുംകര | 11609107147 / 14.11.16 |
| 2000-2001 | പാര 2-3(3) | 69 | കെ ആർ കലേഷ്കുമാർ | 11609107148 / 14.11.16 |
| 2000-2001 | പാര 2-3(5) | 88 | പി വി ഷാജി | 11609107149 / 14.11.16 |
| 2000-2001 | പാര 2-3(6) | 88 | വസന്തകുമാരി | 11609107150 / 14.11.16 |
| 2000-2001 | പാര 2-3(7) | 69 | ഫ്രാൻസിസ് വി ജെ | 11609107151 / 14.11.16 |
| 2000-2001 | പാര 2-3(8) | 69 | വിൻസൻ മംഗലൻ | 11609107152 / 14.11.16 |
| 2000-2001 | പാര 2-3(9) | 31 | എൻ കെ വാസു | 11609107153 / 14.11.16 |
| 2000-2001 | പാര 3-5(1) | 917 | പി സി കരുണൻ | 11609107155 / 14.11.16 |
| 2000-2001 | പാര 3-5(5) | 1653 | ടി വി വിൽസൺ | 11609107156 / 14.11.16 |
| 2000-2001 | പാര 3-5(6) | 997 | കെ പി ദേവസ്സിക്കുട്ടി | 11609107157 / 14.11.16 |

| | | | | |
|---|---|---|---|---|
| 2000-2001 | പാര 3-5(9) | 1577 | എം ടി ജോസ് | 11609107158 / 14.11.16 |
| 2001-2002 | പാര 2-5 | 540 | രശ്മി തിയറ്റർ | 11609107159 / 14.11.16 |
| 2002-2003 | പാര 3-2 | 1853 | എ ഡി ജോർജ്ജ് | 11609107160 / 14.11.16 |
| 2002-2003 | പാര 3-3(1) | 1892 | സെക്രട്ടറി, ആളൂർ ഗ്രാമപഞ്ചായത്ത് | 11609107161 / 14.11.16 |
| 2015-16 | പാര 2(1) | 2709 | അശോകൻ നക്കര | 11609114652/28.03.17 |
| 2015-16 | പാര 2(2) | 1341 | മാനേജർ, എസ് എൻ വി എച്ച് എസ് ആളൂർ | 11609114439/24.03.17 |

## 4-7ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70965472 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64258363 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3208 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8399960 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-15 | 3208 | സബിത.ജി, സെക്രട്ടറി ഇൻചാർജ് & അസി. സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 69446 | സബിത.ജി, സെക്രട്ടറി |
| | 77930 | ഷാലിമ.ടി.ഐസിഡിഎസ് സൂപ്പർവൈസർ |
| 3-5 | 101350 | ഷാലിമ.ടി,ഐസിഡിഎസ് സൂപ്പർവൈസർ |
| 3-7 | 57741 | സബിത .ജി. സെക്രട്ടറി |
| 3-8 | 4567886 | സബിത .ജി. സെക്രട്ടറി |
| 3-13 | 324882 | ഡോ.സ്മിത.കെ.കെ, മെഡിക്കൽ ഓഫീസർ, പിഎച്ച്സി |
| 3-14 | 150000 | ഡോ. റീന മാത്യു, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 3-19 | 2575725 | ലേഖ വി.വി, വിഇഒ |
| | 475000 | ഡോ.ജോസ്.സി ഐ, സീനിയർ വെറ്ററിനറി സർജൻ |
| ആകെ | 8399960 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| സബിത.ജി, സെക്രട്ടറി ഇൻ- ചാർജ് | സബിത.ജി, സെക്രട്ടറി, കൊടകര ഗ്രാമപഞ്ചായത്ത് | സബിത.ജി, പള്ളിപ്പുറത്ത് വീട്, കുഴിക്കാട്ടുകോണം, ഇരിങ്ങാലക്കുട |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1982-83 | എൽ.എഫ്.ടി.എസ് 2-11/24.10.2011 |
| 1983-84 | |
| 1984-85 | |
| 1985-86 | |
| 1986-87,87-88 | |
| 1988-89,89-90 | |
| 1990-91 | |
| 1991-92,92-93 | |
| 1993-94 | |
| 1994-95,1995-96 | |
| 1996-97(ചെലവ്) | എൽ.എഫ്.ടി.13-656/97 /15.6.1999/20.9.1999 |
| 1996-97(വരവ്) | എൽ.എഫ്.ടി.13-919/02 /8.8.2002/27.1.2003 |
| 1997-98(ചെലവ്) | എൽ.എഫ്.ടി.13-208/99 /19.6.1999/20.9.1999 |
| 1997-98(വരവ്) | എൽ.എഫ്.ടി.13-373/04 /1.6.2004/14.9.2004 |

| | |
|---|---|
| 1998-99(ചെലവ്) | എൽ.എഫ്.ടി.13-58/01 /10.4.2001/13.5.2001 |
| 1998-99(വരവ്) | എൽ.എഫ്.ടി.13-1482/07 /22.10.2007/4.12.2007 |
| 1999-2000(ചെലവ്) | എൽ.എഫ്.ടി.13-247/03 /16.6.2003/17.9.2003 |
| 1999-2000(വരവ്) | എൽ.എഫ്.ടി.13-1482/07 /22.10.2007/4.12.2007 |
| 2000-01 | എൽ.എഫ്.ടി.13-1483/07 /7.12.2007/3.1.2008 |
| 2001-02 | എൽ.എഫ്.ടി.13-595/08 /1.11.2008 |
| 2000-01,01-02(പ്ളാൻ) | എൽ.എഫ്.ടി.13-1544/03 /3.6.2004 |
| 2002-03 | എൽ.എഫ്.ടി.13-640/08 /5.11.2008 |
| 2003-04 | എൽ.എഫ്.ടി.13-11/09 /21.12.2009 |
| 2004-05 | എൽ.എഫ്.ടി.13-12/09 /21.12.2009/26.3.2010 |
| 2005-06 | എൽ.എഫ്.ടി.13-1306/09 /17.9.2010 |
| 2006-07 | എൽ.എഫ്.ടി.13-879/09 /17.9.2009 |
| 2007-08 | എൽ.എഫ്.ടി.പി14-693/11 /30.12.2011/18.5.2012 |
| 2008-09 | എൽ.എഫ്.ടി.പി 4-1011/12 /6.9.2012 |
| 2009-10 | എൽ.എഫ്.ടി.പി 4-1012/12 /6.9.2012 |
| 2010-11 | എൽ.എഫ്.ടി.പി 4-1013/12 /6.9.2012/2.3.13 |
| 2011-12 | എൽ.എഫ്.ടി.പി 4-1169/13 /9.1.2014/4.3.2014 |
| 2012-13 | എൽ.എഫ്.ടി.പി 4-585/14 /7.5.14/4.7.14 |
| 2013-14 | എൽ.എഫ്.ടി.പി 4-1885/2014 /5.02.15 |
| 2014-15 | എൽ.എഫ്.ടി.പി 4-925/16 /16.06.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി.4) 1995/16 തീയതി 22.11.16/16.1.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി.4)1324/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി: 02.11.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA.TSR(P4)1324/2017

Kerala State Audit Department

District Audit Office,
Thrissur-680 020

Phone: 0487 2331249

E.mail- dotsr.ksad@kerala.gov.in

Date: 02.11.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Aloor Grama Panchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the ComptrollerandAuditorGeneralofIndia for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Aloor Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur